"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26-" Responsible/Resilient Tourism Designations-2025-26 (Part 1 )-Kerala Responsible Tourism Mission Society 2025-26" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.384/2025/TSM തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-
1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 04-05-2025 തീയതിയിലെ DOT/1216/2025-P7 നമ്പർ കത്ത്.
3. 30-05-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ബാക്ക് ടു നേച്ചർ ബാക്ക് ടു റൂട്സ്, സ്ത്രീ സൗഹാർദ്ദവിനോദസഞ്ചാര പദ്ധതി തുടർപ്രവർത്തനങ്ങൾ, സുവനീർ നെറ്റ്‌വർക്ക് പദ്ധതി തുടർച്ച എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കേരള റെസ്പോൺസിബിൾ ടൂറിസം മിഷന്റെ " Responsible/Resilient Tourism Designations-2025-26 (Part 1 )-Kerala Responsible Tourism Mission Society 2025-26" എന്ന പദ്ധതിയ്ക്ക് ₹1,57,58,779/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

2. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് (രൂപ ) |
|---|---|---|
| I | **പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരത്തിന്റെ ഭാഗമായി ക്യാമ്പിങ്ങിനും ട്രക്കിങ്ങിനും പ്രാധാന്യം നൽകികൊണ്ട് അഗ്രി ടൂറിസം, എത്തിക് ക്യുസീൻ** | |

| | | |
|---|---|---|
| | യൂണിറ്റുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള ട്രക്കിംഗ് എക്സ്പീരിയൻസ് പാക്കേജുകളാണ് 'Back to nature, Back to roots' എന്ന പദ്ധതി | **5,00,000** |
| **II.** | **സ്ത്രീ സൗഹൃദ വിനോദസഞ്ചാരം** | |
| II (a) | ഫ്രെഷ് അപ് ഹോംസ് (Fresh Up Homes) പദ്ധതി | 25,00,000 |
| II (b) | ജെൻഡർ ഓഡിറ്റ് | *15,00,000* |
| II (c) | സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡിസ്കൗണ്ട് ടൂർ പാക്കേജുകൾ | *2,50,000* |
| II (d) | സ്ത്രീ സൗഹൃദ അക്കോമഡേഷൻ യൂണിറ്റുകൾ ക്ലാസ്സിഫിക്കേഷൻ ഗൈഡ് ലൈൻ തയ്യാറാക്കുന്നതിനും, സ്ത്രീ സൗഹൃദ ടൂറിസം പോളിസി തയ്യാറാക്കുന്നതിനും | *13,00,000* |
| II (e) | Women Friendly Tourism – 'Digital Story Telling Content - Developing & Printing | *62,30,400* |
| II (f) | വിമൺ ആർ ടി ക്ലബ്ബ് – ധനസഹായം | *10,00,000* |
| II (g) | സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ ധനസഹായം നൽകുക – ഒരു ജില്ലയിൽ നിന്ന് 10 യൂണിറ്റുകൾ ക്ക് 10,000/- രൂപ വീതം ആകെ 140 യൂണിറ്റുകൾക്ക് 14,00,000 | *14,00,000* |
| **III** | **സുവനീർ നെറ്റ് വർക്ക് പദ്ധതി തുടർച്ച** | |
| III (a) | സുവനീർ മത്സര വിജയികളുടെ പ്രഖ്യാപനവും തുടർപരിശീലനങ്ങളും | *9,50,000* |
| III (b) | മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് ബിൽ തുക നൽകുന്നത് സംബന്ധിച്ച് | *1,28,379* |
| | ***ആകെ തുക (I + II + III )*** | ***1,57,58,779*** |
| | ***ഒരു കോടി അൻപത്തിഏഴ് ലക്ഷത്തി അൻപത്തിയെട്ടായിരത്തി എഴുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം*** | |

(3). 30-05-2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Responsible/Resilient Tourism Designations-2025-26 (Part 1 )-Kerala Responsible Tourism Mission Society 2025-26"** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും ₹1,57,58,779/- (ഒരു കോടി അൻപത്തിഏഴ് ലക്ഷത്തി അൻപത്തിയെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**(i). The project should be done only in rural destinations.**

**(ii). Pending bills should be given separately to Government for approval.**

**(iii). The individual components of the proposal should be approved by KRTM Executive Committee.**

5. പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക് സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ.ഇ.&എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/154 /2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 27-06-2025 10:41:32

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.